# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 832 — 06.06.2018-ൽ മറുപടിക്ക്

## ആദിവാസി യുവാക്കൾക്ക് പി.എസ്.സി പരീക്ഷാ പരിശീലന സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ആദിവാസി വിഭാഗങ്ങളുടെ പ്രാതിനിധ്യത്തിലുള്ള കുറവ് പരിഹരിക്കുവാൻ നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) | സർക്കാർ വകുപ്പുകളിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി അവലോകനം ചെയ്യുകയും നിയമാനുസൃത പ്രാതിനിധ്യം ഇല്ലാത്ത വകുപ്പുകളിൽ കുറവുള്ള ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തസ്തികകൾ കണ്ടെത്തി പ്രത്യേക നിയമനത്തിനായി റിസർവ്വ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു വരുന്നു. ഇത്തരത്തിൽ ഓരോ വകുപ്പിലും റിസർവ്വ് ചെയ്ത് നൽകിയ തസ്തികകളിലെ നിയമനങ്ങളുടെ പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ടുകൾ എല്ലാ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുകയും ഇവ ത്രൈമാസ റിപ്പോർട്ടുകളായി പ്രസിദ്ധീകരിച്ച് അതത് വകുപ്പുകൾക്ക് നൽകാറുമുണ്ട്. കേരള സർക്കാരിന് കീഴിലുള്ള 81 വകുപ്പുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനു വേണ്ടി പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് (ചെയർമാൻ), പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി നിലവിലുണ്ട്. പ്രസ്തുത സമിതി വകുപ്പ് അദ്ധ്യക്ഷന്മാരെക്കൂടി പങ്കെടുപ്പിച്ച് സമയബന്ധിതമായി യോഗങ്ങൾ ചേരുകയും വിവിധ വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യാതെ കിടക്കുന്ന ഒഴിവുകൾ ഉണ്ടെങ്കിൽ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പൊതുഭരണ വകുപ്പിലേയും, പി.എസ്.സി-യിലേയും ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിരുന്നു. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനത്തെ |

| | | | |
|---|---|---|---|
| | | | തുടർന്ന് എല്ലാ സെക്രട്ടറിമാരേയും വകുപ്പ് അദ്ധ്യക്ഷന്മാരേയും പങ്കെടുപ്പിച്ച് കൊണ്ട് ഒരു അവലോകന യോഗം ചേരുകയും നിയമാനു സൃതമായ പ്രാതിനിധ്യം ഉറപ്പാക്കാനായി നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ തസ്തികകളിലേയ്ക്ക് പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി അവരുടെ വിദ്യാഭ്യാസ യോഗ്യത തിരിച്ച് ഒരു ഡേറ്റാ ബാങ്ക് പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കി വകുപ്പ് അദ്ധ്യക്ഷന്മാർക്ക് നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത വിഭാഗത്തിലുള്ള യുവാക്കൾക്ക് പി.എസ്.സി പരീക്ഷാ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം നടപടികൾ സർക്കാർ സ്വീകരിക്കുമോ? | ബി) | ഉണ്ട്. കേരളത്തിലെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് വിവിധ തസ്തികകളിലേയ്ക്കുള്ള പി.എസ്.സി മത്സര പരീക്ഷകൾക്ക് അനുയോജ്യമായ വിധത്തിൽ പരിശീലനം നൽകുന്ന തിനായുള്ള തുകകൾ എല്ലാ ജില്ലാ ഓഫീസുകളിലും അനുവദിച്ച്, അപേക്ഷകരുടെ എണ്ണം അനുസരിച്ചുള്ള പരിശീലന പരിപാടികൾ ജില്ലാ അടിസ്ഥാനത്തിൽ തികച്ചും സൗജന്യമായി സംഘടിപ്പിച്ചു വരുന്നു. പിന്നോക്കം നിൽക്കുന്ന വയനാട് ജില്ലയിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് ജില്ലാ കളക്ടർ ചെയർമാനായുള്ള അമൃത് എന്ന സ്ഥാപനം മുഖേന പരമാവധി 300 പേർക്ക് പരിശീലനം നൽകുന്നുണ്ട്. പരിശീലന ത്തിന് എത്തുന്നവർക്ക് പി.എസ്.സി ഗൈഡ്, പ്രത്യേക നോട്ടുകൾ എന്നിവ സൗജന്യമായും, പ്രത്യേക യാത്രാചെലവിനുള്ള തുകയും നൽകി വരുന്നു. എല്ലാ ആഴ്ചയിലും പി.എസ്.സി പരീക്ഷാ മാതൃകയിൽ തന്നെ ടെസ്റ്റുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. കോർപ്പസ് ഫണ്ട് മുഖേനയും, പ്രത്യേക കേന്ദ്ര ധനസഹായം ഉപയോഗിച്ചും, പ്രഗത്ഭരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പട്ടികവർഗ്ഗക്കാർ അധികമുള്ള പ്രദേശങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നതിനായി പ്രത്യേക ക്ലാസ്സുകളും സംഘടിപ്പിക്കുന്നു. |

**സെക്ഷൻ ഓഫീസർ**